"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ആർഎ1/25/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12-02-2022

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ - കെട്ടിടനിർമ്മാണാനുമതിയുടെ കാലാവധി അവസാനിച്ച നിർമ്മാണങ്ങൾക്ക് സമയപരിധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1) 07.05.2020 ലെ ആർഎ1/168/2020-തസ്വഭവ നമ്പർ സർക്കുലർ.
2) 06.01.2020 ലെ ആർഎ1/120/2021-തസ്വഭവ നമ്പർ സർക്കുലർ.
3) 27.06.2021 ലെ ആർഎ1/195/2021-തസ്വഭവ നമ്പർ സർക്കുലർ.
4) 13.10.2021 ലെ ആർഎ1/335/2021-തസ്വഭവ നമ്പർ സർക്കുലർ.

***********************

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്ത് നിലനിന്നിരുന്ന പ്രത്യേക സ്ഥിതിവിശേഷം കണക്കിലെടുത്ത് കേരള മുനിസിപ്പാലിറ്റി/ പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ, അനുമതി നൽകിയിരുന്നതും 10.3.2020 ന് ശേഷം കാലാവധി അവസാനിച്ചതുമായ എല്ലാ നിർമ്മാണ പെർമിറ്റുകളുടെയും കാലാവധി 31.12.2021 ന് മാത്രമേ അവസാനിക്കൂ എന്ന് കണക്കാക്കേണ്ടതാണെന്ന് സൂചന 4 ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. നിലവിലും കോവിഡ് വ്യാപനം പൂർണ്ണമായും നിയന്ത്രണവിധേയമാകാത്തതും പൊതുജീവിതം സാധാരണ നിലയിലാകാത്തതും കണക്കിലെടുത്ത് 31.12.2021 ന് അവസാനിച്ചതും സ്പെഷ്യൽ കമ്മിറ്റി കാലാവധി ദീർഘിപ്പിച്ചു നൽകിയത് ഉൾപ്പെടെയുള്ള എല്ലാ നിർമ്മാണ പെർമിറ്റുകളുടെയും കാലാവധി 30..06..2022 വരെ ദീർഘിപ്പിച്ചു നൽകുവാൻ നിർദ്ദേശം നൽകുന്നു.

ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്

1) ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം.
2) ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
3) മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
4) മുഖ്യനഗരാസൂത്രകൻ (വിജിലൻസ്), തിരുവനന്തപുരം.
5) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം/എറണാകുളം/കോഴിക്കോട്.

6) എല്ലാ ജില്ലാ നഗരാസൂത്രകർക്കും (മുഖ്യനഗരാസൂത്രകൻ മുഖേന)

7) എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് മുഖേന)

8) എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് മുഖേന)

9) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

10) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരിക്കുന്നതിനായി)

11) തദ്ദേശ സ്വയംഭരണ (ആർഎ2/ആർഎ3/ആർബി/ആർഡി) വകുപ്പ്

12) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Suja S K**
**Date: 14-02-2022 10:48:14**

സെക്ഷൻ ഓഫീസർ